# വാഴക്കാട് ഗ്രാമപഞ്ചായത്ത്

പതിനൊന്നാം പഞ്ചവത്സര പദ്ധതി
ജനകീയാസൂത്രണം

# കരട് പദ്ധതി രേഖ
# 2009-2010



# സ്നേഹപൂർവ്വം

സ്നേഹപൂർവ്വം,

വികേന്ദ്രീകൃതാസൂത്രണത്തിന്റെ അനുഭവങ്ങളുമായി 2009-2010 പദ്ധതിയിലേക്ക് നാം പ്രവേശിക്കുകയാണ്. വികസനവുമായി ബന്ധപ്പെട്ട് പ്രയാസങ്ങൾ മനസ്സിലാക്കുന്നതിനും അവയെ നേരിടുന്നതിനാവശ്യമായ വികസന തന്ത്രങ്ങളും പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുവാൻ നമുക്ക് കഴിയുന്നുണ്ട്.

പാർപ്പിടം, കുടിവെള്ളം, ജലസേചനം, വൈദ്യുതീകരണം, പട്ടികജാതി വികസനം, ഗതാഗതം മേഖലയിൽ തുടർന്നും പുരോഗതിയും നേട്ടങ്ങളും സൃഷ്ടിക്കുവാൻ നമുക്ക് കഴിയണം. വിദ്യാഭ്യാസ രംഗത്ത് ജനകീയ കൂട്ടായ്മയിലൂടെ മാതൃകാപരമായ മുന്നേറ്റം നടത്താനും മെച്ചപ്പെട്ട സേവനസൗകര്യങ്ങളോടെ വാർഷിക വരുമാനം വർദ്ധിപ്പിക്കുവാനും നമുക്ക് കഴിയണം. നിർധനരും നിരാലംബരുമായവരുടെ പുരോഗമനത്തിന് "ആശ്രയ" പദ്ധതിയിലൂടെയും വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പാവങ്ങളായ രോഗികൾക്ക് പരിരക്ഷയിലൂടെ ആശ്വാസം, ജനകീയ കൂട്ടായ്മയിലൂടെ ദുർബലർക്ക് തുടർന്നും നൽകുവാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സാമൂഹ്യപ്രവർത്തകരും ഉൾക്കൊള്ളുന്ന വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ദീർഘവീക്ഷണത്തോടെ തയ്യാറാക്കിയ 2009-2010 വാർഷിക പദ്ധതി സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

സ്നേഹാദരവുകളോടെ,

**കെ.എം.എ. റഹ്മാൻ**

പ്രസിഡന്റ്, വാഴക്കാട് ഗ്രാമപഞ്ചായത്ത്

# വാഴക്കാട് ഗ്രാമപഞ്ചായത്ത്
## പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| പാർലമെന്റ് മണ്ഡലം | | : | മലപ്പുറം |
| അസംബ്ലി മണ്ഡലം | | : | കൊണ്ടോട്ടി |
| ജില്ല | | : | മലപ്പുറം |
| ബ്ലോക്ക് പഞ്ചായത്ത് | | : | കൊണ്ടോട്ടി |
| താലൂക്ക് | | : | ഏറനാട് |
| വിസ്തീർണ്ണം | | : | 23.78 ച.കി.മീ |
| അതിരുകൾ | വടക്ക് | : | ചാലിയാർ |
| | കിഴക്ക് | : | ചാലിയാർ പുഴയും ചീക്കോട് ഗ്രാമപഞ്ചായത്തും |
| | തെക്ക് | : | ചീക്കോട്, പുളിക്കൽ ഗ്രാമപഞ്ചായത്തുകൾ |
| | പടിഞ്ഞാറ് | : | വാഴയൂർ ഗ്രാമപഞ്ചായത്ത് |
| ജനസംഖ്യ (2001 സെൻസസ്) | | : | 31,290 |
| പുരുഷൻമാർ | | : | 15,502 |
| സ്ത്രീകൾ | | : | 15788 |
| ജനസാന്ദ്രത | | : | 1,120 |
| അക്ഷരാഭ്യാസമുള്ളവർ (മൊത്തം) | | : | 24,542 |
| നിലവിലുള്ള വാർഡുകൾ | | : | 18 |



**ഇ. അഹമ്മദ്**
(കേന്ദ്ര റയിൽവേ സഹമന്ത്രി)



**കെ. മുഹമ്മദുണ്ണി ഹാജി**
എം.എൽ.എ



**പി.പി. മൂസ്സ**
ജില്ലാ പഞ്ചായത്ത് മെമ്പർ



**ശ്രീമതി. ആലുങ്ങൽ ആമിന**
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



**ശ്രീ. കളത്തിൽ അബ്ദുറഹിമാൻ**
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

# ഭരണസമിതി



**കെ.എം.എ. റഹ്മാൻ**
(പ്രസിഡന്റ്)



**ഇ.ടി. അബ്ദുൽ ജബ്ബാർ**
(വൈസ് പ്രസിഡന്റ്)



**കെ.ഒ. അലി**
(മുൻ പ്രസിഡന്റ്, മെമ്പർ)



**കെ. ചേക്കുഹാജി**
(ചെയർമാൻ, സ്റ്റാന്റിംഗ് കമ്മറ്റി, ക്ഷേമകാര്യം)



**പി. അബൂബക്കർ**
(ചെയർമാൻ, സ്റ്റാന്റിംഗ് കമ്മറ്റി, വികസനം)



**സി. മറിയക്കുട്ടി**
(മെമ്പർ)



**പി.കെ. അബ്ദുസ്സലാം**
(മെമ്പർ)



**കെ.പി. അബ്ദുന്നാസർ**
(മെമ്പർ)



**പി.എ. ഖാദർ**
(മെമ്പർ)



**എ.പി. തങ്കം**
(മെമ്പർ)



**ബി.പി. മറിയം**
(മെമ്പർ)



**കെ. ചന്തു**
(മെമ്പർ)



**ഇ. ബാബുരാജ്**
(മെമ്പർ)



**കെ.എ. ജമീല**
(മെമ്പർ)



**എ.സി. പത്മാവതി**
(മെമ്പർ)



**എം. ഫാത്തിമ**
(മെമ്പർ)



**പി.രാമചന്ദ്രൻ മാസ്റ്റർ**
(മെമ്പർ)



**കെ.പി. ദേവാനന്ദ്**
(സെക്രട്ടറി, ഗ്രാമപഞ്ചായത്ത്)



**ഒ. പ്രസന്നൻ**
കൃഷി ഓഫീസർ, വാഴക്കാട്
& പ്ലാൻ കോ-ഓർഡിനേറ്റർ

# വർക്കിംഗ് ഗ്രൂപ്പുകൾ

1. **വാട്ടർഷെഡ് മാനേജ്മെന്റ് –**
**കൃഷി – ജലസേചനം – മൃഗസംരക്ഷണ ഡയറി – മത്സ്യബന്ധനം**

| | |
|---|---|
| ചെയർമാൻ | **കെ.എം.എ. റഹ്മാൻ**<br>പ്രസിഡണ്ട് വാഴക്കാട് ഗ്രാമപഞ്ചായത്ത് |
| വൈ. ചെയർമാൻ | **ഇ. ബാബുരാജ്**<br>മെമ്പർ വാഴക്കാട് ഗ്രാമപഞ്ചായത്ത് |
| കൺവീനർ | **ഒ. പ്രസന്നൻ**<br>കൃഷി ഓഫീസർ വാഴക്കാട് |

2. **പ്രാദേശിക സാമ്പത്തിക വികസനം – വ്യവസായം**

| | |
|---|---|
| ചെയർമാൻ | **ഇ.ടി. അബ്ദുൽ ജബ്ബാർ**<br>വൈ. പ്രസിഡണ്ട്, വാഴക്കാട് ഗ്രാമപഞ്ചായത്ത് |
| വൈ. ചെയർപേഴ്സണൽ | **സി. മറിയക്കുട്ടി**<br>മെമ്പർ വാഴക്കാട് ഗ്രാമപഞ്ചായത്ത് |
| കൺവീനർ | **എൻ. സുരേന്ദ്രൻ**<br>വി.ഇ.ഒ. വാഴക്കാട് |

3. **ദാരിദ്ര്യ ലഘൂകരണം**

| | |
|---|---|
| ചെയർമാൻ | **കെ.എം.എ. റഹ്മാൻ**<br>പ്രസിഡണ്ട് വാഴക്കാട് പഞ്ചായത്ത് |
| വൈ. ചെയർമാൻ | **പി.എ. ഖാദർ**<br>മെമ്പർ വാഴക്കാട് ഗ്രാമപഞ്ചായത്ത് |
| കൺവീനർ | **വി. അബ്ദുൽ ഖാദർ**<br>ജെ.എച്ച്.ഐ പി.എച്ച്.സി. വാഴക്കാട് |

4. **പട്ടികജാതി വികസനം**

| | |
|---|---|
| ചെയർപേഴ്സൺ | **എ.സി. പത്മാവതി**<br>മെമ്പർ വാഴക്കാട് പഞ്ചായത്ത് |
| വൈ. ചെയർമാൻ | **കെ. ചന്തു**<br>മെമ്പർ വാഴക്കാട് ഗ്രാമപഞ്ചായത്ത് |
| കൺവീനർ | **എൻ. സുരേന്ദ്രൻ**<br>വി.ഇ.ഒ വാഴക്കാട് |

5. **വനിതാ ശിശുക്ഷേമം**

| | |
|---|---|
| ചെയർപേഴ്സൺ | **എം. ഫാത്തിമ**<br>മെമ്പർ വാഴക്കാട് പഞ്ചായത്ത് |
| കൺവീനർ | **ഒ. വിലാസിനി**<br>ഐ.സി.ഡി.എസ്. സൂപ്രവൈസർ |

6. **ആരോഗ്യം**

| | |
|---|---|
| ചെയർമാൻ | **കെ.പി. അബ്ദുൽ നാസർ**<br>മെമ്പർ വാഴക്കാട് പഞ്ചായത്ത് |
| കൺവീനർ | **ഡോ. എം.എ. ഷീബ**<br>പി.എച്ച്.സി വാഴക്കാട് |

7. **ജലവിതരണം – ശുചിത്വം – മാലിന്യസംസ്കരണം**

| | |
|---|---|
| ചെയർമാൻ | **ബി.പി. മറിയം**<br>മെമ്പർ വാഴക്കാട് പഞ്ചായത്ത് |
| വൈ. ചെയർമാൻ | **പി.കെ. അബ്ദുസ്സലാം**<br>മെമ്പർ വാഴക്കാട് ഗ്രാമപഞ്ചായത്ത് |
| കൺവീനർ | **വി. അബ്ദുൽ ഖാദർ**<br>ജെ.എച്ച്.ഐ, പി.എച്ച്.സി വാഴക്കാട് |

8. **വിദ്യാഭ്യാസം – കലാകായികം – യുവജനക്ഷേമം**

| | |
|---|---|
| ചെയർമാൻ | **കെ. ചേക്കുഹാജി**<br>ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി |
| കൺവീനർ | **ടി.കെ. റഹ്മത്തുള്ള മാസ്റ്റർ**<br>എച്ച്.എം., ജി.എൽ.പി.എസ്, മപ്രം |

9. **പശ്ചാത്തല സൗകര്യം**

| | |
|---|---|
| ചെയർമാൻ | **പി. അബൂബക്കർ**<br>ചെയർമാൻ വികസന സ്റ്റാന്റിംഗ് കമ്മറ്റി |
| കൺവീനർ | **എ.പി. നാരായണൻ**<br>എ.ഇ, എൽ.എസ്.ജി.ഡി, വാഴക്കാട് |

10. **സാമൂഹ്യ സുരക്ഷാ–വൃദ്ധ–വികലാംഗ പരിരക്ഷ**

| | |
|---|---|
| ചെയർപേഴ്സൺ | **എ.പി. തങ്കം**<br>മെമ്പർ വാഴക്കാട് പഞ്ചായത്ത് |
| വൈ. ചെയർപേഴ്സൺ | **കെ.എം. ജമീല**<br>മെമ്പർ വാഴക്കാട് ഗ്രാമപഞ്ചായത്ത് |
| കൺവീനർ | **വി. അബ്ദുൽ ഖാദർ**<br>ജെ.എച്ച്.ഐ, പി.എച്ച്.സി. വാഴക്കാട് |

11. **ഊർജ്ജം**

| | |
|---|---|
| ചെയർമാൻ | **കെ.ഒ. അലി**<br>മെമ്പർ വാഴക്കാട് പഞ്ചായത്ത് |
| കൺവീനർ | **കെ.പി. ദേവാനന്ദ്**<br>സെക്രട്ടറി, വാഴക്കാട് പഞ്ചായത്ത് |

12. **ഭരണ നവീകരണം**

| | |
|---|---|
| ചെയർമാൻ | **പി. രാമചന്ദ്രൻ മാസ്റ്റർ**<br>മെമ്പർ വാഴക്കാട് പഞ്ചായത്ത് |
| കൺവീനർ | **കെ.പി. ദേവാനന്ദ്**<br>സെക്രട്ടറി, വാഴക്കാട് പഞ്ചായത്ത് |

## വികസന സ്ഥിതി

വികസന 'ചാലിയാർ' നദിയുടെ തീരത്തുള്ള വാഴക്കാട് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗവും ആദ്യകാലം മുതൽ തന്നെ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ഗ്രാമീണരാണ്. അടിസ്ഥാന ആവശ്യങ്ങളായ ഭവന നിർമ്മാണം, ശുചിത്വം, ജലവിതരണം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, എന്നീ മേഖലകളിൽ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ മെച്ചപ്പെട്ട നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്.

പൊതു സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഉന്നത നിലവാരം പുലർത്താനും കുടുംശ്രീയിലൂടെ നല്ല ഫലങ്ങൾ ഉണ്ടാക്കുവാനും കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത വ്യവസായത്തിന് കാലനുസൃതമായ സൗകര്യങ്ങൾ ഒരുക്കി പരിപോഷിപ്പിക്കണം. തൊഴിൽ രഹിതരും അഭ്യസ്ത വിദ്യരുമായ യുവതലമുറക്ക് ആധുനിക സാങ്കേതിക വിദ്യകളും പട്ടിക ജാതി കുടുംബങ്ങൾക്കടക്കം വീടും വീട് റിപ്പയർ പദ്ധതിയും നടപ്പാക്കി കാലാനുസൃതമയ സൗകര്യങ്ങൾ നൽകി പരിപോഷിപ്പിച്ചു വരികയാണ്. നമ്മുടെ പ്രാഥമിക ആരോഗ്യകേന്ദ്രമായ വാഴക്കാട് പി. എച്ച്.സിയിൽ ലബോറട്ടറി കെട്ടിടം പണിത് കിടത്തി ചിക്തിസ ഉടനെ ആരംഭിക്കേണ്ടതായിട്ടുണ്ട്.

ഗതാഗത സൗകര്യം കൂടുതൽ മെച്ചപ്പെടുത്തി വിദ്യാഭ്യാസ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ വികസന സാമൂഹ്യ രംഗങ്ങളിൽ വമ്പിച്ച പുരോഗതി ഉണ്ടാക്കുവാൻ നമുക്ക് കഴിയണം. ജനകീയ പിന്തുണയോടെ ഇതിനുള്ള ശ്രമത്തിലാണ് വാഴക്കാട് ഗ്രാമപഞ്ചായത്ത്

## മുൻ വർഷങ്ങളിലെ വികസന പ്രവർത്തനങ്ങൾ

അധികാര വികേന്ദ്രീകരണത്തിലൂടെ പ്രാദേശികാസൂത്രണത്തിലൂന്നിക്കൊണ്ട് വികസന സാമൂഹ്യസേവന മേഖലകളിൽ വൻ പുരോഗതിയുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. ജനങ്ങളെ ഉൾക്കൊള്ളാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിത് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. 4, 7 ക്ലാസുകൾക്ക് പഞ്ചായത്ത് പൊതു പരീക്ഷ നടത്തി. നാലാം തരം മുതൽ കമ്പ്യൂട്ടർ പഠനത്തിന് സൗകര്യം ഒരുക്കി. വിദ്യാഭ്യാസ രംഗത്ത് പുത്തൻ ഉണർവും ആവേശവും ഉണ്ടാക്കി "സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി" നടപ്പാക്കി വരികയാണ്.

കർഷകർക്ക് നേട്ടമുണ്ടാക്കി കാർഷികോൽപാദനം വർദ്ധിപ്പിക്കാനും സജീവ ശ്രദ്ധയിലൂടെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ പദ്ധതികൾ പൂർത്തീകരണത്തിലാണ്. എടവണ്ണപ്പാറ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, ഗോട്ട്ഫാം, അഗ്രികൾച്ചർ ഫാം, തൊഴിലുറപ്പ് പദ്ധതികൾ എന്നിവയിലൂടെ നാം മുന്നേറിക്കൊണ്ടിരിക്കുകയാണ്.

പാശ്ചാത്തല മേഖലയിൽ റോഡുകൾ ടാർ ചെയ്തും അറ്റകുറ്റ പണികൾ നടത്തിയും നിർമിച്ചും ജനങ്ങളുടെ സൗകര്യം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

## ജയപരാജയങ്ങൾ

ഉത്പാദന നെൽകൃഷിയെ പരിരക്ഷിക്കാൻ കഠിനാദ്ധ്വാനം ചെയ്തുവരികയാണ്. വനിതാ കുടുംബശ്രീ യൂണിറ്റുകളിൽ അധ്വാനം ഉപയോഗപ്പെടുത്തി വരികയാണ്. നിർധനരും നിരാലംബരുമായ ജനവിഭാഗങ്ങൾക്ക് പ്രത്യേക പ്രൊജക്ടുകൾ നടപ്പാക്കിവരികയാണ്. ദരിദ്രരായ ജനങ്ങളെ ഉന്നതമായ ജീവിത നിലവാരത്തിലെത്തിക്കുന്നതിന് ദീർഘദൂര കാഴ്ചപ്പാടോടുകൂടി

പ്രൊജക്ടുകൾക്ക് രൂപം നൽകി വരികയാണ്. ഇവ പരമാവധി പ്രയോജനപ്പെടുത്തി ഈ ലക്ഷ്യം പൂർത്തീകരിക്കുവാൻ കഴിയും എന്ന പരിപൂർണ്ണ വിശ്വാസം നമുക്കുണ്ട്.

യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതികൾക്ക് പഞ്ചായത്ത് രൂപം നൽകിയിരിക്കുകയാണ്. ദാരിദ്ര്യ നിർമാർജന ഉപപദ്ധതിയിലൂടെ അധ്വാനശേഷി പ്രയോജനപ്പെടുത്തി വനിതാപദ്ധതികൾ ആസൂത്രണം ചെയ്തുവരികയാണ്.

കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുവാനും സാംസ്കാരിക പ്രവർത്തനത്തിനും പദ്ധതികൾ രൂപീകരിക്കുന്നുണ്ട്.

ശിശുവികസനം, വനിതാക്ഷേമം എന്നിവക്കും അവരുടെ ആരോഗ്യ സംരക്ഷണത്തിനും പോഷകാഹാര വിതരണത്തിനും പദ്ധതികൾക്ക് രൂപം നലൽകി. ജീർണാവസ്ഥയിലുള്ള അംഗനവാടികളുടെ പുനരുദ്ധാരണത്തിന് അതീവ ശ്രദ്ധയോടെ ഫണ്ടുകൾ വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം ജനോപകാരപ്രദമാക്കിത്തീർക്കുന്നതിന് പ്രത്യേക പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ രൂപം നൽകിയിരിക്കുകയാണ്.

## പദ്ധതികളിലെ നേട്ടങ്ങൾ

കാർഷിക മേഖലയിൽ ജലസേചന സൗകര്യം വിപുലപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിച്ചു പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞു. ചാലിയാർ ജലോത്സവം നടത്തി സാമ്പത്തിക വളർച്ചയും ഐക്യവും വളർത്തിയെടുക്കാൻ കഴിഞ്ഞു. സേവന മേഖലയിൽ ഭവന നിർമ്മാണം ഭവന റിപ്പയർ ശുദ്ധജല പദ്ധതികൾ റിപ്പയർ, അംഗനവാടിക കെട്ടിടങ്ങൾ റിപ്പയർ പുതിയ രണ്ട് അംഗനവാടി കെട്ടിട നിർമ്മാണം അംഗനവാടികളിൽ പോഷകാഹാര വിതരണം എന്നിവ നടപ്പാക്കി. അയൽകൂട്ടങ്ങൾ വഴി സ്വയം തൊഴിൽ കണ്ടെത്താൻ പാളപ്ലെറ്റ് നിർമാണ യൂണിറ്റ് ആരംഭിച്ച് അഭിവൃദ്ധിപ്പെടുന്നു. മറ്റു തൊഴിൽ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

പാശ്ചാത്തല മേഖലയിൽ റോഡുകൾ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി ഗതാഗത യോഗ്യമാക്കി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റീടാറിംഗും നിർമ്മാണ പ്രവർത്തികളും നടത്തി. എല്ലാ പട്ടിക ജാതി കോളനികളിലും അടിസ്ഥാന സൗകര്യം ഒരുക്കാനും കഴിഞ്ഞിട്ടുണ്ട്. മൊത്തത്തിൽ ജനങ്ങളിൽ ഐക്യവും സ്നേഹവും വർദ്ധിപ്പിച്ച വികസന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

## വികസന പ്രവർത്തനങ്ങൾ

വാർഷിക പദ്ധതികൾ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രാദേശികാസൂത്രണത്തിലൂന്നിയാണ് നടപ്പാക്കിയത്. ഇത് മൂലം വികസ സാമൂഹ്യ സേവന മേഖലയിൽ വലിയ നേട്ടങ്ങളുണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞു. 13സാ ദൂരം ചാലിയാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന വാഴക്കാട് ഗ്രാമപഞ്ചായത്ത് വെള്ളപ്പൊക്കത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നുണ്ട്. കവണ

ക്കല്ല് റഗുലേറ്റർ കംബ്രിഡ്ജിന്റെ സമീപ പ്രദേശങ്ങളും വെട്ടത്തൂരിലെ കള്ളിക്കാട് പ്രദേശവും വിപുലപ്പെടുത്തി ടൂറിസ്റ്റുകളെ ആകർഷിപ്പിക്കാൻ കേരള ടൂറിസം വകുപ്പ് പരിശ്രമിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിച്ച് ഈ പ്രദേശം വികസിപ്പിക്കുവാൻ ഇടനൽകും.

വാഴക്കാട് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ അപ്ഗ്രേഡ് ചെയ്യുകയും എടവണ്ണപ്പാറ ജി.യു.പി. സ്കൂൾ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുകയും ചെയ്താൽ നൂറ് കണക്കിന് കുട്ടികൾക്ക് യാത്രാക്ലേശം പരിഹരിക്കപ്പെടാനും ഉയർന്ന വിദ്യാഭ്യാസ നിലവാരം ലഭിക്കാനും ഇടയാക്കും. വാഴക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ അഡ്മിഷൻ ഉടനെ ആരംഭിച്ച് സാധാരണക്കാരെ സഹായിക്കുവാൻ അടിയന്തിര ചികിത്സാ നൽകുവാനും സർക്കാറിന്റെ ഐ.ടി.സിയും സ്വയം തൊഴിൽ സ്ഥാപനങ്ങളും ആരംഭിച്ച് തൊഴിലില്ലായ്മക്ക് അറുതി വരുത്താൻ കേരള സർക്കാറിന്റെ അനുകൂല സമീപനങ്ങൾ ഉടനടിയുണ്ടാവണം. തൊഴിലുറപ്പ് പദ്ധതിയിൽ വാർഡുകൾ തോറും തൊഴിലാളികളെ രജിസ്റ്റർ ചെയ്യിപ്പിച്ച് അവരുടെ പ്രവർത്തനം മൂലം വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും നാടിനെ പുരോഗതിയിലേക്ക് നയിക്കാനും സ്വയം തൊഴിലുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്.

ചെറുവട്ടൂർ തടത്തിൽ കുടിവെള്ള പദ്ധതി നടപ്പാക്കൽ, കിമ്പ്രാട്ട് താഴം കൽപള്ളി തോട് സൈഡ് കെട്ടി കൃഷിക്ക് സജ്ജമാക്കൽ, ആക്കോട് കണ്ണാടി പറമ്പ് അരൂർ റോഡ്, പൊന്നാട് വാലില്ലാപുഴ-ഇരട്ടമുഴി എടവണ്ണപ്പാറ എളമരം റോഡുകൾ റീ ടാറിംഗ്, ചെറുവട്ടൂർ ചക്കുംപൂള റോഡ് പൂർത്തീകരണം വാഴക്കാട് നിന്നും ഇടശ്ശേരിക്കുന്ന് ഭാഗത്തേക്ക് ഒരു ഉയർത്തി ഗതാഗതയോഗ്യമാക്കൽ, ചീക്കോട് കുടിവെള്ള പദ്ധതി നടപ്പാക്കൽ, പണിക്കരപ്പുറായ ഗവ: എൽ.പി. സ്കൂളിന് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിയൽ, വാഴക്കാട് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് വിപുലീകരണം തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കാൻ മുകൾത്തട്ടിലേക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണ്.

## ദാരിദ്ര്യ നിർമ്മാർജ്ജന – ആശ്രയ വനിതാഘടക – പ്രത്യേക വിഭാഗം പ്രത്യേക ഘടക പദ്ധതികൾ

അയൽകൂട്ടങ്ങൾ, എ.സി.ഡി.എസ്, സി.ഡി.എസ് തുടങ്ങിയ വനിതാസംഘടനകൾക്ക് ആത്മവീര്യം നൽകി സ്വയം തൊഴിൽ കണ്ടെത്താൻ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചു. ആക്കോട് ഗോട്ടഫാം, നൂഞ്ഞിക്കര അഗ്രികൾച്ചർ ഫാം എന്നിവിടങ്ങളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൃഷി ചെയ്യുവാനും സഹായ സഹകരണം ചെയ്തിട്ടുണ്ട്.

പട്ടിക ജാതി കുടുംബങ്ങൾക്ക് കുടിവെള്ള ജനസേചന പദ്ധതികൾ, വീട് നിർമാണം, വീട് റിപ്പയർ, സ്മശാനം, ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങൽ എന്നിവ നടപ്പിലാക്കി പഞ്ചായത്ത് നടപ്പിലാക്കിയ ആശ്രയ പദ്ധതി വമ്പിച്ച നേട്ടങ്ങളുണ്ടാക്കി. വിദ്യാഭ്യാസം, ഭവന നിർമാണം, വീട് റിപ്പയർ എന്നിവയിലൂടെ പാവങ്ങളെ സഹായിക്കാനായിട്ടുണ്ട്. വൃദ്ധൻമാർക്ക് സഹായമായി സൗജന്യ വൈദ്യപരിശോധന നടത്തി മരുന്ന് നൽകാൻ കഴിഞ്ഞിട്ടുണ്ട്.

## മെയിന്റനൻസ് പദ്ധതി

അനുവദിക്കപ്പെടുന്ന തുകകൾ ഫലപ്രദമായി ഉപയോഗിച്ച് ഗവ: സ്കൂളുകൾ പുതുക്കി പണിതും പൊതുകെട്ടിടങ്ങളും അംഗനവാടികളും നന്നാക്കി ആശുപത്രിക്ക് ലബോറട്ടറി കെട്ടിടം പണിയാനും വെള്ളപ്പൊക്കം മൂലവും മറ്റും തകർന്ന റോഡുകൾ നന്നാക്കുവാനും അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വായ്പാ ബന്ധങ്ങൾ

വിവിധ പദ്ധതികൾക്ക് ബാങ്ക് വായ്പ ഉറപ്പാക്കിയിട്ടുണ്ട്.

## സംയോജനം

ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പദ്ധതികൾ രൂപപ്പെടുത്തുന്നുണ്ട്.

## ഊർജ്ജം

കെ.മുഹമ്മദുണ്ണി ഹാജി എം.എൽ.എ നടപ്പാക്കുന്ന സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി യുമായി സഹകരിച്ച് പഞ്ചായത്തിനെ വെളിച്ചത്തിലേക്ക് നയിക്കാൻ ആഗ്രഹിക്കുന്നു.

## ധനവിനിയോഗം

പദ്ധതികളോടൊപ്പം തനത് ഫണ്ട് വകയിരുത്തി ചിലവുകൾ പരിമിതപ്പെടുത്തി താമസം വിനാ വികസനം നടത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.

## പട്ടികജാതി - പട്ടികവർഗ്ഗ വികസനം

പടട്ടികജാതി കുടുംബങ്ങൾക്ക് വിവാഹധനസഹായം, വീട് നിർമാണം, വീട് റിപ്പയർ, ഭൂര ഹിതർക്ക് ഭൂമി വാങ്ങി വീട് വെക്കാൻ റവന്യൂ പരിശോധന വിദ്യാർത്ഥികൾക്ക് പഠന സഹായ എന്നിവ നൽകിവരുന്നു.

14, 15 വാർഡുകളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാരെ സർവ്വേ നടത്തി പ്ലാൻ ഫണ്ടിനോ ടൊപ്പം ഇവർക്ക് കൂടി ഫണ്ട് ലഭിക്കാനും നടപടികൾ സ്വീകരിച്ചു വരികയാണ്.

## മോണിറ്ററിംഗ്

പദ്ധതികൾ കാര്യക്ഷമമായും സമയപരിധിക്കുള്ളിലും പൂർത്തീകരിക്കുന്നതിന് മോണിറ്റ റിംഗ് സമിതി പ്രധാന പങ്ക് വഹിക്കുന്നതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ യഥാസമയം പ്രവർത്തി കൾ പരിശോധിച്ച് മോണിറ്ററിംഗ് നടത്തുന്നതാണ്. പഞ്ചായത്ത് പ്രസിഡന്റ്, വൈ. പ്രസി ഡന്റ്, വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ, എന്നിവർ ഉൾക്കൊള്ളുന്ന മോണിറ്ററിംഗ് കമ്മറ്റി രൂപീ കരിച്ചിട്ടുണ്ട്.